# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3047 07.11.2019 ൽ മറുപടിക്ക്**

**കൃഷ്ണപുരം മാമ്പ്രക്കന്നേൽ, കാക്കനാട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം**

**ചോദ്യം**
**ശ്രീമതി യു. പ്രതിഭ**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം മാമ്പ്രക്കുന്നേൽ, കാക്കനാട് എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

മാമ്പ്രക്കുന്നേൽ റെയിൽവേ മേൽപ്പാലത്തിന് 10.07.2017 ലെ സ.ഉ.(സാധാ) നം. 942/2017/പൊ.മ.വ ഉത്തരവ് മുഖേന 60 കോടിയുടെ ഭരണാനുമതി നൽകുകയും, പദ്ധതിയുടെ എസ്.പി.വി ആയി ആർ.ബി.ഡി.സി.കെ.യെ നിയമിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിയുടെ വിശദമായ പദ്ധതി രേഖ കിഫ്ബി 09.11.2018 ന് അംഗീകരിക്കുകയും 31.21 കോടി രൂപ അനുവദിക്കുകയും ചെയ്തു. സ്ഥലമേറ്റെടുക്കുന്നതിനായി അതിർത്തികല്ലുകൾ സ്ഥാപിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നുള്ള ഭരണാനുമതി 13.05.2019 ന് നൽകുകയും ചെയ്തു. സ്പെഷ്യൽ തഹസീൽദാർ (എൽ.എ, ജനറൽ, ആലപ്പുഴ) യെ സ്ഥലമേറ്റെടുപ്പ് ഓഫീസറായി ജില്ലാ കളക്ടർ 14.06.2019 ന് നിയമിച്ചു. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥരുമായിട്ടുള്ള സംയുക്ത സ്ഥല പരിശോധന 09.07.2019 ന് പൂർത്തീകരിച്ചു. തുടർന്ന് കണ്ടിജൻസി ചാർജിന്റെ ആദ്യ ഗഡുവായി 3 ലക്ഷം രൂപ

എസ്.ഐ.എ യൂണിറ്റിനെ നിയമിക്കുന്നതിനായി 09.10.2019 ന് എൽ.എ.ഒ.യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

27.04.2018 ലെ സ.ഉ (സാധാ)നം. 780/2018/പൊ.മ.വ പ്രകാരം കെ.ആർ.ഡി.സി.എൽ-നെ കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർവ്വഹണ ഏജൻസിയായി നിയമിക്കുകയുണ്ടായി. ടി റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്ങിന് റെയിൽവേയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി.യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പിന് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിന് തുക അനുവദിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. കൂടാതെ വിശദ പഠന റിപ്പോർട്ട് തയ്യാറാക്കലും പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**